**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4368** **18-03-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. കേബിൾ മാറ്റിയപ്പോൾ കുടിവെള്ള പൈപ്പ് ലൈൻ കേട്ട വന്ന സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കാരാട് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള കെ.എസ്.ഇ.ബി.യുടെ യു.ജി. കേബിൾ, ദേശീയപാത 66 ന്റെ വികസനത്തിന്റെ ഭാഗമായി വാഴയൂർ ഗ്രാമപഞ്ചായത്തിൽ കടവ് റിസോർട്ടിന് സമീപം കെ.എസ്.ഇ.ബി.യുടെ മേൽനോട്ടത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അധികൃതർ മാറ്റിയപ്പോൾ അതുവഴി പോകുന്ന വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനിന് കേടുപാട്ട വന്ന കാര്യവും ഇത് മൂലം ഹൈവേയുടെ മറുഭാഗത്ത് കുടിവെള്ളം എത്തിക്കാൻ കഴിയാത്ത സാഹചര്യവും വൈദ്യുതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കാരാട് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള കെ.എസ്.ഇ.ബിയുടെ യു.ജി കേബിൾ ദേശീയ പാത 66-ന്റെ വികസനത്തിന്റെ ഭാഗമായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അധികൃതർ മാറ്റിയപ്പോൾ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പിന് കേടുപാടുകൾ വന്ന കാര്യം മലപ്പുറം കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.എസ്.ഇ. ബി.എൽ-നെ അറിയിക്കുകയും, അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് 20.02.2025-ന് കാരാട് ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലം സന്ദർശിക്കുകയും, ടി സ്ഥലത്ത് വാട്ടർ പൈപ്പ് പൊട്ടിയതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.<br><br>കാരാട് RMU വും, കാരാട് RMU മുതൽ കടവ് റിസോർട്ട് RMU വരെയുള്ള 11 KV ഭൂഗർഭ കേബിൾ എന്നിവ ഓപ്പൺ ട്രെഞ്ചായി ഉദ്ദേശം 6 വർഷങ്ങൾക്കു മുൻപാണ് കെ.എസ്.ഇ.ബി.എൽ. RAPDRP പ്രവൃത്തിയുടെ ഭാഗമായി സ്ഥാപിച്ചിരുന്നത്. തുടർന്ന് 2022-23 സാമ്പത്തിക വർഷ-ത്തിൽ രാമനാട്ടുകര നാഷണൽ ഹൈവേ ബൈപാസ് റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി കെ. എസ്. ഇ. ബി. എൽ-ന്റെ യൂട്ടിലിറ്റി ലൈനുകളും അനുബന്ധ ഉപകരണങ്ങളും NHAI, മാറ്റി സ്ഥാപിച്ചി ട്ടുള്ളതാണ്. എല്ലാ സാധന സാമഗ്രികളും ലഭ്യമാക്കി കെ.എസ്.ഇ.ബി.എൽ-ന്റെ മേൽ നോട്ടത്തിൽ പ്രസ്തുത പ്രവൃത്തി NHAI, Kozhikode Project Implementation Unit തന്നെ നേരിട്ടാണ് യു ജി കേബിൾ സ്ഥാപിച്ചിട്ടുള്ളത്. ഇത് മൂലം വന്ന കേടുപാടുകൾ പരിഹരിക്കേണ്ടതും NHAI യുടെ ചുമതലയാണ്.<br><br>ആയതിനാൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനിൽ ഉണ്ടായ കേടുപാടുകൾ തീർക്കുന്നതിന് കോഴിക്കോട് NHAI Project |

| | | | |
|---|---|---|---|
| | | | Director-ക്ക് കെ. എസ്. ഇ. ബി. എൽ-ന്റെ കൊണ്ടോട്ടി ഡിവിഷനിൽ നിന്നും 06.03.2025-ന് കത്ത് നൽകുകയും തുടർന്ന് കരാറുകാരനോട് പൈപ്പ് ലൈനിനുണ്ടായ കേടുപാടുകൾ തീർത്തുകൊടുക്കുവാൻ NHAI നിർദ്ദേശം നൽകിയിട്ടുള്ളതും, വിവരങ്ങൾ മലപ്പുറം കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിട്ടുമുള്ളതാണ്. |
| (ബി) | കെ.എസ്.ഇ.ബി.യുടെ കേബിൾ കുടിവെള്ള പൈപ്പിലൂടെ കടന്നുപോകുന്നത് അപകടമാണെന്നിരിക്കെ ഇത് നാഷണൽ ഹൈവേ അതോറിറ്റിയോട് തന്നെ മാറ്റുന്നതിനായി ആവശ്യപ്പെടുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; അടിയന്തരമായി പ്രസ്തുത വിഷയത്തിൽ ഇടപെടൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കാരാട് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലുള്ള കെ.എസ്.ഇ.ബിയുടെ യു.ജി കേബിൾ ദേശീയ പാത 66-ന്റെ വികസനത്തിന്റെ ഭാഗമായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അധികൃതർ മാറ്റിയപ്പോൾ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പിന് കേടുപാടുകൾ വന്ന കാര്യം മലപ്പുറം കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.എസ്.ഇ. ബി.എൽ-നെ അറിയിക്കുകയും, അറിയിപ്പ് ലഭിച്ചതിനെ തുടർന്ന് 20.02.2025-ന് കാരാട് ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലം സന്ദർശിക്കുകയും, ടി സ്ഥലത്ത് വാട്ടർ പൈപ്പ് പൊട്ടിയതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.<br><br>കാരാട് RMU വും, കാരാട് RMU മുതൽ കടവ് റിസോർട്ട് RMU വരെയുള്ള 11 KV ഭൂഗർഭ കേബിൾ എന്നിവ ഓപ്പൺ ട്രെഞ്ചായി ഉദ്ദേശം 6 വർഷങ്ങൾക്കു മുൻപാണ് കെ.എസ്.ഇ.ബി.എൽ. RAPDRP പ്രവൃത്തിയുടെ ഭാഗമായി സ്ഥാപിച്ചിരുന്നത്. തുടർന്ന് 2022-23 സാമ്പത്തിക വർഷ-ത്തിൽ രാമനാട്ടുകര നാഷണൽ ഹൈവേ ബൈപാസ് റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി കെ. എസ്. ഇ. ബി. എൽ-ന്റെ യൂട്ടിലിറ്റി ലൈനുകളും അനുബന്ധ ഉപകരണങ്ങളും NHAI, മാറ്റി സ്ഥാപിച്ചി ട്ടുള്ളതാണ്. എല്ലാ സാധന സാമഗ്രികളും ലഭ്യമാക്കി കെ.എസ്.ഇ.ബി.എൽ-ന്റെ മേൽ നോട്ടത്തിൽ പ്രസ്തുത പ്രവൃത്തി NHAI, Kozhikode Project Implementation Unit തന്നെ നേരിട്ടാണ് യു ജി കേബിൾ സ്ഥാപിച്ചിട്ടുള്ളത്. ഇത് മൂലം വന്ന കേടുപാടുകൾ പരിഹരിക്കേണ്ടതും NHAI യുടെ ചുമതലയാണ്.<br><br>ആയതിനാൽ വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനിൽ ഉണ്ടായ കേടുപാടുകൾ തീർക്കുന്നതിന് കോഴിക്കോട് NHAI Project Director-ക്ക് കെ. എസ്. ഇ. ബി. എൽ-ന്റെ കൊണ്ടോട്ടി ഡിവിഷനിൽ നിന്നും 06.03.2025-ന് കത്ത് നൽകുകയും തുടർന്ന് കരാറുകാരനോട് പൈപ്പ് ലൈനിനുണ്ടായ കേടുപാടുകൾ തീർത്തുകൊടുക്കുവാൻ NHAI നിർദ്ദേശം നൽകിയിട്ടുള്ളതും, വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | മലപ്പുറം കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിച്ചിട്ടുമുള്ളതാണ്. |

സെക്ഷൻ ഓഫീസർ